**തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് - മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം തിരുവനന്തപുരം - സാങ്കേതികവിഭാഗം - കൊല്ലം ജില്ല - കരുനാഗപ്പള്ളി നഗരസഭ - കരുനാഗപ്പള്ളി വില്ലേജ് -വാണിജ്യ കെട്ടിട നിർമ്മാണം കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. ശ്രീ.മൻസൂർ മുസലിയാർ, മുസലിയാർ ഡെയിൽ, കരുനാഗപള്ളിയുടെ 04/03/2022 ലെ അപേക്ഷ.
2. കൊല്ലം ടൗൺ പ്ലാനറുടെ 18.04.2022 ലെ TCPKLM/155/2022-C, 06/06/2022 ലെ TCPKLM/324/2022-C നമ്പർ കത്തുകൾ

---

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

**ഉത്തരവ്. നം. TCPCTP/1082/2022-C3 തീയതി:20/06/2022**

---

കൊല്ലം ജില്ല കരുനാഗപ്പള്ളി നഗരസഭാ പരിധിയിലുള്ള കരുനാഗപ്പള്ളി വില്ലേജ് റീ സർവ്വേ നമ്പർ 693 /2-3-2-1, 693/2-3-2, 693/2-3, 693/9-1 എന്നിവയിൽ ഉൾപ്പെട്ട 116 ച.മീ സ്ഥലത്ത് 996.30 ച.മീ വിസ്തൃതിയിൽ നിലവിലുള്ള commercial കെട്ടിടത്തിന്റെ cellar, ground floor എന്നീ നിലകളിൽ കൂട്ടിച്ചേർക്കൽ വരുത്തി മുകളിലേക്ക് 2 നിലകൾ കൂടി നിർമ്മിച്ച് കെട്ടിടത്തിന്റെ ആകെ വിസ്തൃതി 2799.38 ച.മീ ആയി വർദ്ധിപ്പിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ.മൻസൂർ മുസലിയാർ ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി പ്രസ്തുത നിർമ്മാണത്തിന് അംഗീകൃത കരുനാഗപള്ളി മാസ്റ്റർ പ്ലാൻ പ്രകാരമുള്ള കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. താഴെ പറയുന്ന നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ N.O.C/അനുമതി ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയശേഷം മാത്രമേ സെക്രട്ടറി നിർമ്മാണനുമതി നൽകുവാൻ പാടുള്ളൂ.
2. KMBR 2019 ലെ ചട്ടം 9 (2) പ്രകാരം നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അളവുകൾ, അതിരുകൾ, ഉടമസ്ഥാവകാശം, നിർമ്മാണവകാശം, എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ടി പ്ലോട്ടിൽ റവന്യൂ പുറമ്പോക്ക് ഉൾപ്പെടുന്നില്ലെന്നും ടി നിർമ്മാണം 2008 ലെ നെൽവയൽ തണ്ണീർത്തട

GOVERNMENT OF KERALA 2017-18

378100

സംരക്ഷണ നിയമത്തിന് വിധേയമാണെന്നും സെക്രട്ടറി ഉറപ്പ് വരുത്തണം.

3. ടി കെട്ടിടത്തിന്റെ നിർമ്മാണം, ഉപയോഗം എന്നിവമൂലം പ്ലോട്ടിനെ അബട്ട് ചെയ്യുന്ന റോഡിൽ ഗതാഗതക്കുരുക്ക് ഉണ്ടാകുന്നില്ലെന്ന് ഉറപ്പ് വരുത്തണം.

4 ടി കെട്ടിടത്തിന്റെ ഉപയോഗത്തിനായി ചട്ടം അനുസരിച്ചുള്ള പാർക്കിംഗ് നൽകുന്നുണ്ടെന്നും പാർക്കിംഗിനായി രേഖപ്പെടുത്തിയിട്ടുള്ള സ്ഥലം മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നില്ലെന്നും ഉറപ്പ് വരുത്തണം.

5. നിർദിഷ്ട നിർമ്മാണം KMBR 2019 നും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/ വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by RAJEEVAN PITTAN
Date: 2022.06.20 10:50:10 IST
Reason: Approved

രാജീവൻ പിട്ടൻ
ടൗൺ പ്ലാനർ
(ചീഫ് ടൗൺപ്ലാനർക്കുവേണ്ടി)

ഉള്ളടക്കം:- ഒരു സെറ്റ് പ്ലാൻ

സെക്രട്ടറി,
കരുനാഗപ്പള്ളി നഗരസഭ

പകർപ്പ്:-
1. ശ്രീ.മൻസൂർ മുസലിയാർ, മുസലിയാർ ഡെയിൽ, കോഴിക്കോട് മേക്ക്. s.v. മാർക്കറ്റ് പി.ഒ, കരുനാഗപള്ളി, കൊല്ലം - 690573.
2. ടൗൺ പ്ലാനർ, കൊല്ലം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

MR/18/06/22

78110
GOVERNMENT OF KERALA 2017-18